<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2537</u> — <u>17-03-2022 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.എഫ്.ഇ.യിലെ ജോബ് വർക്ക്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.യിൽ ഓഫീസ് അറ്റൻഡന്റ്, ജൂനിയർ അസിസ്റ്റന്റ് ഉടങ്ങിയ തസ്തികകളിലെ ഒഴിവുകൾ തൊണ്ണൂറ് ദിവസത്തിൽ കൂടുതൽ ആയാൽ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പി.എസ്.സി. മുഖേനയും മാത്രമേ നികത്താവൂ എന്ന വ്യവസ്ഥ പാലിക്കാറുണ്ടോ; | (എ) | ഉണ്ട്; കെ.എസ്.എഫ്.ഇ.യിലെ എൻട്രി കേഡർ തസ്തികകളായ ഓഫീസ് അറ്റൻഡന്റ്, ജൂനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്. |
| (ബി) | ജോബ് വർക്ക് ചെയ്യുന്നതിനായി കെ.എസ്.എഫ്.ഇ.യിൽ തസ്തിക ഉണ്ടോ; ജോബ് വർക്ക് അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ.യിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാം; ഇങ്ങനെ ജീവനക്കാരെ നിയമിക്കുന്നത് കെ.എസ്.എഫ്.ഇ. നേരിട്ടാണോ മറ്റ് ഏതെങ്കിലും ഏജൻസി വഴിയാണോ; ജോബ് വർക്ക് അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ കെ.എസ്.എഫ്.ഇ.യിൽ ജോലി ചെയ്യുന്നുണ്ട്; ഇവർക്ക് 2020-21 സാമ്പത്തിക വർഷം എത്ര രൂപ നൽകിയെന്ന് അറിയിക്കുമോ; 2021 ആഗസ്റ്റ് മാസം എത്ര രൂപ നൽകിയെന്ന് അറിയിക്കുമോ; | (ബി) | ജോബ് വർക്ക് ചെയ്യുന്നതിനായി കെ.എസ്.എഫ്.ഇ. യിൽ തസ്തിക ഇല്ല. എന്നാൽ, പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിടുന്ന അവസരങ്ങൾ ഉൾപ്പെടെയുള്ള ഘട്ടങ്ങളിൽ ശാഖ/ ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നിർവ്വഹിക്കുന്നതിനും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി "ജോബ് വർക്ക്" അടിസ്ഥാനത്തിൽ ജോലികൾ നിർവ്വഹിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ യൂണിറ്റ് തലവന്മാർ ഏർപ്പെടുത്താറുണ്ട്. അത്തരത്തിൽ ഡാറ്റ എൻട്രി, ഫയലിംഗ്, വാഹനം ഓടിക്കുക തുടങ്ങിയ വർക്ക്മെൻ വിഭാഗത്തിലെ വിവിധ തസ്തികകൾക്ക് ബാധകമായ ജോലികൾ നിർവ്വഹിക്കാറുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം ഉപയോഗപ്പെടുത്തുന്ന സംവിധാനമായതിനാൽ ജോബ് വർക്ക് അടിസ്ഥാനത്തിൽ ജോലികൾ നിർവഹിച്ച് നൽകുന്നവരുടെ എണ്ണം സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഹെഡ് ഓഫീസിൽ ജോബ് വർക്ക് അടിസ്ഥാനത്തിൽ ജോലികൾ പൂർത്തീകരിക്കാൻ 2020-2021 സാമ്പത്തിക വർഷം ചിലവായ തുക 65,97,360/- രൂപയാണ്. 2021 ആഗസ്റ്റ് മാസം ചിലവായ തുക 6,16,495/-രൂപ. |
| (സി) | കെ.എസ്.എഫ്.ഇ.യുടെ ഒരു ശാഖയിൽ ഡിഇ | (സി) | ഉണ്ട്. കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ വിവിധ |

| | | | |
|---|---|---|---|
| | 57503 എന്ന യൂസർ ഐഡി ഉപയോഗിച്ച് സ്ഥിര ജീവനക്കാരൻ അല്ലാത്ത ഒരാൾ കാഷ്യറായി ജോലി ചെയ്തു വരുകയും 16.09.2021 ൽ ക്യാഷിൽ ഒരു ലക്ഷത്തിലധികം രൂപ കുറവ് വരുകയും ചെയ്തതായി പരിശോധനയിൽ വെളിവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇയാൾ എത്ര നാൾ കെ.എസ്.എഫ്.ഇ.യിൽ ജോലി ചെയ്തുവെന്നും ഇയാളുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും അറിയിക്കുമോ; | | അവസരങ്ങളിൽ ടി വ്യക്തിയുടെ സേവനം ജോബ് വർക്ക് അടിസ്ഥാനത്തിൽ ശാഖയിൽ ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ക്യാഷ് കുറവ് വന്നത് ശ്രദ്ധയിൽപെട്ടപ്പോൾ ഉടനെ പണം അടപ്പിക്കുകയും ടി വ്യക്തിയെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. "ജോബ് വർക്ക്" ആയതിനാൽ ടി വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച രേഖകൾ ശാഖയിൽ സൂക്ഷിച്ചിട്ടില്ല. |
| (ഡി) | ഇയാൾ ജോലി ചെയ്ത ശാഖയിലെ സ്വർണ്ണ ഉരുപ്പടികൾ സുരക്ഷിതമാണോയെന്നും ഇയാളെ ആര്, എങ്ങനെ, എന്തിന് നിയമിച്ചു എന്നും വ്യക്തമാക്കുമോ; ഭാവിയിൽ ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കാൻ ശാഖകൾക്ക് എന്ത് നിർദ്ദേശം നൽകിയെന്നും അറിയിക്കുമോ? | (ഡി) | കമ്പനിയുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം സ്വർണ്ണ ഉരുപ്പടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. യൂണിറ്റ് തലവനാണ് ടി വ്യക്തിയുടെ സേവനം ജോബ് വർക്ക് അടിസ്ഥാനത്തിൽ ശാഖയിൽ ഉപയോഗപ്പെടുത്തിയത്. ബന്ധപ്പെട്ട അസിസ്റ്റന്റ് മാനേജർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പി.എസ്.സി. വഴി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് "ജോബ് വർക്ക്" അടിസ്ഥാനത്തിലുള്ള സജ്ജീകരണങ്ങൾ ഒഴിവാക്കുന്നതിന് അസിസ്റ്റന്റ് ജനറൽ മാനേജർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ